"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- വിദ്യാകിരണം പദ്ധതി - പട്ടിക വർഗവിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.4547 2021 പൊ.വി.വ തിയതി,തിരുവനന്തപുരം, 1/10/2021

---

പരാമർശം:
1. സ.ഉ(സാധാ) നം.3609 2021/പൊ.വി.വ തിയതി 10.08.2021
2. സ.ഉ(സാധാ) നം.3852/2021 പൊ.വി.വ തീയതി 01.09.2021
3. ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 23.09.2021-ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്
4. ബഹു.പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 23.09.2021-ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്
5. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.10.2021 ലെ കൈറ്റ്/2021/1007 (12) നമ്പർ കത്ത്.
6. G.O. (MS) No. 31/2021/ITD തീയതി 04.10.2021.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഇല്ലാത്തവർക്ക് ഡിജിറ്റൽ ഉപകരണം നൽകുന്നതിന് 'വിദ്യാകിരണം' പോർട്ടലുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂളുകളിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായി കൈറ്റ് വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പട്ടികവർഗ വിഭാഗം കുട്ടികൾക്ക് നൽകാൻ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

'വിദ്യാശ്രീ' പദ്ധതിയിൽ അവശേഷിക്കുന്ന ലാപ്ടോപ്പുകൾ 'വിദ്യാകിരണം' പദ്ധതിയിലേക്ക് ലഭ്യമാക്കാമെന്ന് പരാമർശം (3)പ്രകാരം തീരുമാനിക്കുകയും പരാമർശം (6) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലാപ്ടോപ്പുകൾ ആദ്യം എല്ലാ എസ്.ടി വിഭാഗം കുട്ടികൾക്കുമായി നൽകാൻ പരാമർശം (4)പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം കുട്ടികൾക്ക് കൈറ്റ് സ്കൂളുകളിൽ വിതരണം ചെയ്ത ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് നൽകുന്നതിന് പകരം 'വിദ്യാശ്രീ' പദ്ധതിയുടെ ഭാഗമായി ലഭ്യമായ പുതിയ ലാപ്ടോപ്പുകൾ സ്കൂളുകൾ വഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന രീതിയിൽ ലഭ്യമാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ടു ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഐടി വകുപ്പ്
സെക്രട്ടറി, എസ്.സി/എസ്.ടി വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, കെ.എസ്.ഐ.ടി.എം
ഡയറക്ടർ, എസ്.ടി വകുപ്പ്
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by SUMI SANDIPIKA G MASTERLY
Date: 11-10-2021 17:15:57
Reason: Approved
സെക്ഷൻ ഓഫീസർ

ബഹു മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു..മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക